# പ്രാർത്ഥനാശുശ്രൂഷ – ഉയിർപ്പു ഞായർ

**ഏപ്രിൽ 12, 2020, ഉച്ചയ്ക്ക് 12 മണിക്ക്**

**നേതാവ്.** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി (3)

**സമൂഹം** ആമ്മേൻ (3)

**നേതാ.** ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

**നേതാ.** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും ചേർന്ന്) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്കാവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**നേതാ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**നേതാ.** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, എന്ന് ഉദ്ഘോഷിക്കുന്നു.

**നേതാ.** കർത്താവായ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു; ആരാധിക്കുന്നു; മഹത്ത്വപ്പെടുത്തുന്നു. കൊറോണവൈറസ് വ്യാപനംമൂലം ഭീതിയിലായിരിക്കുന്ന ലോകത്തെ മുഴുവൻ തിരുമുമ്പിൽ സമർപ്പിക്കുന്നു. കാറ്റിനെയും കോളിനെയും ശാന്തമാക്കിയ മിശിഹായേ, ഞങ്ങളുടെ ആകുലതകളെയും അസ്വസ്ഥതകളെയും അങ്ങ് കരുണാപൂർവം കടാക്ഷിക്കുകയും ഞങ്ങളുടെമേൽ കരുണയായിരിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും, ആമ്മേൻ.

## സങ്കീർത്തനം 86

**നേതാ.** അത്യുന്നതന്റെ സംരക്ഷണമുള്ളവനും
ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും
ഭാഗ്യവാനാകുന്നു.

**സമൂ.** എന്റെ ആശ്രയവും സങ്കേതവും
അങ്ങുന്നാകുന്നുവെന്ന്
കർത്താവിനോടു പറയുക.

ദുഷ്ടന്മാരുടെ കെണിയിൽനിന്നും
വ്യർഥമായ സംഭാഷണത്തിൽനിന്നും
അവിടന്നു നിന്നെ രക്ഷിക്കും.

തന്റെ തൂവലുകൾകൊണ്ട്
അവിടന്നു നിന്നെ മറച്ചുകൊള്ളും.

തന്റെ ചിറകുകളുടെ കീഴിൽ
അവിടന്നു നിന്നെ കാത്തുകൊള്ളും.

അവിടത്തെ സത്യം
നിന്റെ ചുറ്റും ആയുധമായിരിക്കും.

രാത്രിയുടെ ഭീകരതയും
പകൽ പറക്കുന്ന അസ്ത്രവും
നീ ഭയപ്പെടേണ്ട.

ഇരുട്ടിൽ മുഴങ്ങുന്ന വചനവും
മധ്യാഹ്നത്തിലടിക്കുന്ന കൊടുങ്കാറ്റും
നീ ഒട്ടും പേടിക്കേണ്ട.

ആയിരങ്ങൾ നിന്റെ പാർശ്വഭാഗത്തു വീഴും;
പതിനായിരങ്ങൾ നിന്റെ വലത്തുഭാഗത്തും;
എങ്കിലും അവരാരും നിന്നെ സ്പർശിക്കുകയില്ല.

നീ അവരെയെല്ലാം കാണും;
ദുഷ്ടനു കിട്ടുന്ന പ്രതിഫലം നീ ദർശിക്കും.

നിന്റെ സങ്കേതം കർത്താവാകുന്നു;
അത്യുന്നതൻ നിന്റെ കോട്ടയാകുന്നു.

നിനക്കു യാതൊരു തിന്മയും വരികയില്ല;
ബാധകൾ നിന്റെ കൂടാരത്തെ ഉപദ്രവിക്കുകയില്ല.

വഴികളിൽ നിന്നെ സംരക്ഷിക്കുവാൻ
അവിടന്നു തന്റെ മാലാഖമാരോടു കല്പിക്കും.

നിന്റെ പാദം കല്ലിന്മേൽ തട്ടാതെ
കരങ്ങളിൽ നിന്നെ അവർ വഹിച്ചുകൊള്ളും.

സർപ്പത്തിന്റെയും അണലിയുടെയുംമേൽ
നീ ചവിട്ടിനടക്കും.

സിംഹത്തെയും പെരുമ്പാമ്പിനെയും
നീ ചവിട്ടിമെതിക്കും.

എന്നോടു പ്രാർഥിച്ചതുകൊണ്ട്
ഞാൻ അവനെ രക്ഷിക്കും.

എന്റെ നാമം അറിഞ്ഞതുകൊണ്ട്
ഞാൻ അവനെ ശക്തിപ്പെടുത്തും.

എന്നെ വിളിച്ചപേക്ഷിക്കുമ്പോൾ
ഞാൻ അവന് ഉത്തരമരുളും.

അവന്റെ സങ്കടകാലങ്ങളിലെല്ലാം
ഞാൻ അവന്റെകൂടെയുണ്ടായിരിക്കും.

ശക്തിയും ബഹുമാനവും അവനു ഞാൻ നല്കും;
ദീർഘായുസ്സു നല്കിക്കൊണ്ട്
അവനെ ഞാൻ തൃപ്തനാക്കും.

രക്ഷിക്കുവാനുള്ള എന്റെ കഴിവ്
അവനെ കാണിക്കുകയും ചെയ്യും.

**നേതാ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

**സമൂ.** ആദിമുതൽ എന്നേക്കും ആമ്മേൻ.

**നേതാ.** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, അങ്ങയെ വിളിച്ചപേക്ഷിക്കുന്നവരിൽ കൃപാവരം ചൊരിയുന്നവനേ, അങ്ങ് ഞങ്ങളുടെ പ്രാർഥന സ്വീകരിക്കുകയും ഞങ്ങളുടെ നിലവിളിയുടെ സ്വരം കേൾക്കുകയും ചെയ്യണമേ. നിസ്സഹായരും നിരാലംബരുമായ ഞങ്ങളുടെ യാചനകൾക്ക് ചെവി ചായിച്ച് ഉത്തരമരുളണമേ. അനർഥകാലത്തും അങ്ങയിൽ ആശ്രയിക്കുവാനും സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കുവാനും മഹത്ത്വപ്പെടുത്തുവാനും ഞങ്ങളെ ശക്തിപ്പെടുത്തണമേ. എന്തുകൊന്നൊൽ, അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും, ആമ്മേൻ.

## ലേഖനവായന (2 കോറി 4:16–18)

**നേതാ.** ഞങ്ങൾ ഭഗ്നാശരാകുന്നില്ല. ഞങ്ങളിലെ ബാഹ്യമനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ആന്തരികമനുഷ്യൻ അനുദിനം നവീകരിക്കപ്പെടുന്നു. ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണ്; അവയുടെ ഫലമോ അനുപമമായ മഹത്ത്വവും. ദൃശ്യമായവയല്ല, അദൃശ്യമായവയാണ് ഞങ്ങളുടെ ലക്ഷ്യം. ദൃശ്യങ്ങൾ നശ്വരങ്ങളാണ്. അദൃശ്യങ്ങൾ അനശ്വരവും.

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി.

## സുവിശേഷവായന (മത്താ 8, 16–18)

**നേതാ.** സായാഹ്നമായപ്പോൾ അനേകം പിശാചുബാധിതരെ അവർ ഈശോയുടെ അടുത്ത് കൊണ്ടു വന്നു. അവൻ അശുദ്ധാത്മാക്കളെ വചനം കൊണ്ട് പുറത്താക്കുകയും എല്ലാ രോഗികളെയും സുഖപ്പെടുത്തുകയും ചെയ്തു. അവൻ നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയും ചെയ്തു എന്ന് ഏശയ്യാ പ്രവചിച്ചത് അങ്ങനെ നിറവേറി.

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി.

## നിശബ്ദവിചിന്തനം

**യാചനയുടെ ലുത്തിനിയ: ഫ്രാൻസിസ് പാപ്പാ**

A. ***ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു (പ്രത്യുത്തരം)***

**നേതാ.** വിശുദ്ധകുർബാനയിൽ യഥാർത്ഥത്തിൽ സന്നിഹിതനായിരിക്കുന്ന സത്യദൈവവും സത്യമനുഷ്യനുമായ കർത്താവേ,
**സമൂ.** ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു

ഞങ്ങളോടുകൂടെയുള്ള ദൈവവും വിശ്വസ്തനും കരുണാസമ്പന്നനും ഞങ്ങളുടെ രക്ഷകനുമായ കർത്താവേ,
ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു

സൃഷ്ടിയുടെയും പ്രപഞ്ചത്തിന്റെയും രാജാവും കർത്താവുമായ മിശിഹായേ,
ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു

പാപത്തെയും മരണത്തെയും കീഴടക്കിയവനായ കർത്താവേ,
ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു

ഉത്ഥാനംചെയ്ത് പിതാവിന്റെ വലത്തുവശത്ത് ഇരിക്കുന്ന മനുഷ്യവംശത്തിന്റെ സുഹൃത്തായ കർത്താവേ,
ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു

B. ***ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുന്നു (പ്രത്യുത്തരം)***

**നേതാ.** ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സ്വർഗത്തിൽനിന്ന് അവരോഹണം ചെയ്ത പിതാവിന്റെ ഏകപുത്രനായ കർത്താവേ,
**സമൂ.** ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുന്നു.

ഞങ്ങളുടെ ദുരിതങ്ങളെക്കുറിച്ച് കനിവു തോന്നുന്ന സ്വർഗീയവൈദ്യനായ കർത്താവേ,
ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുന്നു.

ഞങ്ങളെ തിന്മയിൽ നിന്നു രക്ഷിക്കാൻ സന്നദ്ധതയുള്ള ബലിയർപ്പിക്കപ്പെട്ട കുഞ്ഞാടായ കർത്താവേ,
ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുന്നു.

താൻ സ്നേഹിക്കുന്ന അജഗണത്തിനുവേണ്ടി സ്വജീവൻ നല്കുന്ന നല്ല ഇടയനായ കർത്താവേ,
ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുന്നു

ഞങ്ങൾക്കു നിത്യജീവൻ നല്കുന്ന ജീവന്റെ അപ്പവും അമർത്ത്യതയുടെ ഔഷധവുമായ കർത്താവേ,
ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുന്നു.

### *C. കർത്താവേ, ഞങ്ങളെ മോചിപ്പിക്കണമേ (പ്രത്യുത്തരം)*

**നേതാ.** പിശാചിന്റെ ശക്തിയിൽ നിന്നും ലോകത്തിന്റെ വശീകരണങ്ങളിൽ നിന്നും,
**സമൂ.** കർത്താവേ, ഞങ്ങളെ മോചിപ്പിക്കണമേ.

അഹങ്കാരത്തിൽനിന്നും അങ്ങയെ കൂടാതെ പ്രവർത്തിക്കാൻ കഴിയുമെന്ന ഞങ്ങളുടെ സങ്കല്പത്തിൽ നിന്നും,
കർത്താവേ, ഞങ്ങളെ മോചിപ്പിക്കണമേ.

ഭയത്തിന്റെയും കഠിനവേദനയുടെയും വഞ്ചനകളിൽനിന്ന്,
കർത്താവേ, ഞങ്ങളെ മോചിപ്പിക്കണമേ.

അവിശ്വാസത്തിൽനിന്നും നിരാശയിൽനിന്നും,
കർത്താവേ, ഞങ്ങളെ മോചിപ്പിക്കണമേ.

ഹൃദയകാഠിന്യത്തിൽനിന്നും സ്നേഹിക്കാൻ കഴിവില്ലാത്ത അവസ്ഥയിൽനിന്നും,
കർത്താവേ, ഞങ്ങളെ മോചിപ്പിക്കണമേ.

### *D. കർത്താവേ, ഞങ്ങളെ രക്ഷിക്കണമേ (പ്രത്യുത്തരം)*

**നേതാ.** മനുഷ്യവംശത്തെ ബാധിക്കുന്ന എല്ലാ തിന്മകളിൽനിന്നും,
**സമൂ.** കർത്താവേ, ഞങ്ങളെ രക്ഷിക്കണമേ.

വിശപ്പിൽ നിന്നും ക്ഷാമത്തിൽനിന്നും സ്വാർത്ഥതയിൽ നിന്നും,
കർത്താവേ, ഞങ്ങളെ രക്ഷിക്കണമേ.

രോഗത്തിൽ നിന്നും പകർച്ച വ്യാധികളിൽനിന്നും ഞങ്ങളുടെ സഹോദരീസഹോദരന്മാരുടെ നേർക്കുള്ള ഭയത്തിൽ നിന്നും,
കർത്താവേ, ഞങ്ങളെ രക്ഷിക്കണമേ.

നാശകരമായ ഭോഷത്തത്തിൽനിന്നും കാരുണ്യമില്ലാത്ത താത്പര്യങ്ങളിൽനിന്നും അക്രമത്തിൽ നിന്നും,
കർത്താവേ, ഞങ്ങളെ രക്ഷിക്കണമേ.

വഞ്ചനയിൽനിന്നും തെറ്റായ വിവരദാനത്തിൽ നിന്നും മനസ്സാക്ഷിയെ വളച്ചൊടിക്കുന്നതിൽ നിന്നും,
കർത്താവേ, ഞങ്ങളെ രക്ഷിക്കണമേ.

### *E. കർത്താവേ, ഞങ്ങളെ ആശ്വസിപ്പിക്കണമേ (പ്രത്യുത്തരം)*

**നേതാ.** മരുഭൂമി താണ്ടുന്ന അങ്ങയുടെ സഭയെ കടാക്ഷിക്കണമേ,
**സമൂ.** കർത്താവേ, ഞങ്ങളെ ആശ്വസിപ്പിക്കണമേ.

ഭീതികൊണ്ടും കഠിനവേദനകൊണ്ടും ഭയപ്പെട്ടിരിക്കുന്ന മനുഷ്യവംശത്തെ കടാക്ഷിക്കണമേ,
കര്‍ത്താവേ, ഞങ്ങളെ ആശ്വസിപ്പിക്കണമേ.

രോഗാതുരരായവരെയും മരിച്ചുകൊണ്ടിരിക്കുന്നവരെയും ഏകാന്തതയാല്‍ പീഡിപ്പിക്കപ്പെടുന്നവരെയും കടാക്ഷിക്കണമേ,
കര്‍ത്താവേ, ഞങ്ങളെ ആശ്വസിപ്പിക്കണമേ.

ക്ഷീണഭാരത്താല്‍ തളരുന്ന ഡോക്ടര്‍മാരെയും ആരോഗ്യശുശ്രൂഷകരെയും കടാക്ഷിക്കണമേ,
കര്‍ത്താവേ, ഞങ്ങളെ ആശ്വസിപ്പിക്കണമേ.

തീരുമാനങ്ങളുടെ ഭാരം വഹിക്കുന്ന രാഷ്ട്രനേതാക്കളെയും കാര്യനിര്‍വാഹകരെയും കടാക്ഷിക്കണമേ.
കര്‍ത്താവേ, ഞങ്ങളെ ആശ്വസിപ്പിക്കണമേ.

*F.* ***കര്‍ത്താവേ, അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങള്‍ക്കു നല്കണമേ (പ്രത്യുത്തരം)***

**നേതാ.** പരീക്ഷണത്തിന്റെയും ആശയക്കുഴപ്പത്തിന്റെയും മണിക്കൂറില്‍,
**സമൂ.** കര്‍ത്താവേ, അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങള്‍ക്കു നല്കണമേ.

പ്രലോഭനത്തിലും ദൗര്‍ബല്യത്തിലും,
കര്‍ത്താവേ, അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങള്‍ക്കു നല്കണമേ.

തിന്മയ്ക്കും പാപത്തിനും എതിരായിട്ടുള്ള പടപൊരുതലില്‍,
കര്‍ത്താവേ, അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങള്‍ക്കു നല്കണമേ.

യഥാര്‍ത്ഥ നന്മയും യഥാര്‍ത്ഥ സന്തോഷവും അന്വേഷിക്കുന്നതില്‍,
കര്‍ത്താവേ, അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങള്‍ക്കു നല്കണമേ.

അങ്ങയിലും അങ്ങയുടെ സൗഹൃദത്തിലും നിലനില്ക്കാന്‍ തീരുമാനിക്കുന്നതില്‍,
കര്‍ത്താവേ, അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങള്‍ക്കു നല്കണമേ.

*G.* ***കര്‍ത്താവേ, ഞങ്ങളെ പ്രത്യാശയിലേക്കു നയിക്കണമേ (പ്രത്യുത്തരം)***

**നേതാ.** പാപം ഞങ്ങളെ പീഡിപ്പിക്കുന്നെങ്കില്‍,
**സമൂ.** കര്‍ത്താവേ, ഞങ്ങളെ പ്രത്യാശയിലേക്കു നയിക്കണമേ.

ഞങ്ങളുടെ ഹൃദയങ്ങളെ വിദ്വേഷം അടച്ചിടുന്നുവെങ്കില്‍,
കര്‍ത്താവേ, ഞങ്ങളെ പ്രത്യാശയിലേക്കു നയിക്കണമേ.

സഹനം ഞങ്ങളെ സന്ദര്‍ശിക്കുന്നെങ്കില്‍,
കര്‍ത്താവേ, ഞങ്ങളെ പ്രത്യാശയിലേക്കു നയിക്കണമേ.

നിസ്സംഗത ഞങ്ങളെ അസ്വസ്ഥരാക്കുന്നെങ്കിൽ,
കർത്താവേ, ഞങ്ങളെ പ്രത്യാശയിലേക്കു നയിക്കണമേ.

മരണം ഞങ്ങളെ ഉന്മൂലനം ചെയ്യുന്നെങ്കിൽ,
കർത്താവേ, ഞങ്ങളെ പ്രത്യാശയിലേക്കു നയിക്കണമേ.

**(പ്രാർത്ഥനാഗാനം)**

ദൈവപിതാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു.
ജീവനും എന്റെ സർവ്വസ്വവും
മുമ്പിലണച്ച് കുമ്പിടുന്നു.

ഈശോയെ നാഥാ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു.
ജീവനും എന്റെ സർവ്വസ്വവും
മുമ്പിലണച്ച് കുമ്പിടുന്നു.

പാവനാത്മാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു.
ജീവനും എന്റെ സർവ്വസ്വവും
മുമ്പിലണച്ച് കുമ്പിടുന്നു.

## കൊറോണ വൈറസിനെ നിയന്ത്രിക്കാനുള്ള പ്രാർത്ഥന

**നേതാ.** സൃഷ്ടി മുഴുവനോടുമുള്ള സ്നേഹം പ്രദർശിപ്പിക്കുന്ന സർവ്വശക്തനും കാരുണ്യവാനുമായ ദൈവമേ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊറോണാ വൈറസു ബാധിച്ച എല്ലാവർക്കുംവേണ്ടിയുള്ള ഞങ്ങളുടെ പ്രാർത്ഥനകൾ ദയാപൂർവ്വം കേൾക്കണമേ! കൊറോണവൈറസിന്റെ പൊട്ടിപ്പുറപ്പെടലിനെ പെട്ടെന്നു നിയന്ത്രിക്കാനും അതു ബാധിച്ചവരെ സുഖപ്പെടുത്താനും അനാരോഗ്യത്തിന് അധീനരായിരിക്കുന്നവരെ സുഖപ്പെടുത്താനും അവരുടെ കുടുംബങ്ങളെ സംരക്ഷിക്കാനുംവേണ്ടി അപേക്ഷിക്കാൻ ഞങ്ങൾ അങ്ങയുടെ മുമ്പിലേക്കു വരുന്നു.
രോഗീശുശ്രൂഷചെയ്യുന്ന ഡോക്ടർമാർക്കും നേഴ്സുമാർക്കും പരിചാരകർക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. രോഗം ബാധിക്കാതെ അവർ സുരക്ഷിതരായിരിക്കാനും അവരുടെ മനസ്സുകൾ സുശക്തങ്ങളാക്കുവാനും കനിയണമേ.
ഈ രോഗത്തെ പ്രതിരോധിക്കാനുള്ള ഫലപ്രദമായ വാക്സിൻ വേഗത്തിൽ കണ്ടുപിടിക്കുന്നതിന് ഗവേഷണം നടത്തുന്ന ശാസ്ത്രജ്ഞന്മാർക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ജനങ്ങളുടെ നന്മയ്ക്കുവേണ്ടി യുക്തമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റുകൾക്കുവേണ്ടിയും ആരോഗ്യസംരക്ഷണത്തിനുള്ള അധികാരികൾക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ഭാരതീയസഭയെ ഈശോയുടെ തിരുഹൃദയത്തിനും കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനും സമർപ്പിക്കൽ

**നേതാ.** ഈശോ മിശിഹായുടെ തിരുഹൃദയമേ, ആത്മാക്കളെ സുഖപ്പെടുത്തുന്നവനേ, ദിവ്യപിതാവിന്റെ പ്രിയപുത്രാ, അവിടുത്തെ കരുണയുടെ മുഖമേ, ഞങ്ങളുടെ പ്രിയ മാതൃഭൂമിയായ ഭാരതത്തിലെ തീർത്ഥാടകസഭ അങ്ങയുടെ തിരുമുറിവുകളിലേക്കു നോക്കുന്നു; തന്റെ രക്ഷയുടെ ഉറവയിലേക്കു നോക്കുന്നു. ആകുലതയുടെ ഈ പ്രത്യേക മണിക്കൂറിൽ അങ്ങയുടെ സഭയെ സൂക്ഷ്മമായി വീക്ഷിക്കണമേ. രാഷ്ട്രനേതാക്കളെ പ്രചോദിപ്പിക്കണമേ. ദരിദ്രരും ആകുലരുമായവരെ ശ്രവിക്കണമേ. രോഗികളെയും പാപികളെയും സുഖപ്പെടുത്തണമേ. വീണവരെയും ഹൃദയം തകർന്നവരെയും ഉണർത്തണമേ. അടിമകളാക്കപ്പെട്ടവരെയും ബന്ധനസ്ഥരാക്കപ്പെട്ടവരെയും വിമോചിപ്പിക്കണമേ. ഞങ്ങളെ ആക്രമിക്കുന്ന സാംക്രമികരോഗത്തിൽ നിന്നു ഞങ്ങളെ സ്വതന്ത്രരാക്കണമേ. ഈശോയുടെ തിരുഹൃദയമേ, ആത്മാക്കളെ സുഖപ്പെടുത്തുന്നവനേ, കുരിശിൽ ഉയർത്തപ്പെട്ട, സെഹിയോൻ മാളികയിലെ ഹൃദ്യതയിൽ ശിഷ്യനാൽ സ്പർശിക്കപ്പെട്ട, അങ്ങയെ ഞങ്ങളുടെ പ്രിയപ്പെട്ട ഭാരതത്തിലെ തീർത്ഥാടക സഭ നോക്കുന്നു. പരിശുദ്ധാത്മാവിന്റെ സ്നേഹത്തിലുള്ള ആശ്ലേഷം ഞങ്ങൾ പരസ്പരം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. അങ്ങ് ശിഷ്യരുടെ കാല്പാദങ്ങൾ കഴുകിയപ്പോൾ നല്കിയ കല്പനയനുസരിച്ച് ഞങ്ങൾ അങ്ങയോട് യാചിക്കുന്നു.

ആകുലതയുടെ ഈ പ്രത്യേക മണിക്കൂറിൽ കുട്ടികളെയും വലിയവരെയും ഏറ്റവും കൂടുതലായി മുറിവേൽക്കപ്പെടാവുന്നവരെയും സംരക്ഷിക്കണമേ. കുടുംബങ്ങളെ ശക്തിപ്പെടുത്തണമേ. ഞങ്ങളെ സൗഹൃദത്തിലും ഐക്യദാർഢ്യത്തിലും ബലപ്പെടുത്തണമേ. മരണാസന്നരുടെ പ്രകാശമായിരിക്കണമേ. മരിച്ചവരെ അങ്ങയുടെ രാജ്യത്തിൽ സ്വീകരിക്കണമേ. ഞങ്ങളിൽ നിന്ന് എല്ലാതിന്മകളെയും മാറ്റിക്കളയണമേ. ഞങ്ങളെ ആക്രമിക്കുന്ന സാംക്രമികരോഗത്തിൽ നിന്ന് ഞങ്ങളെ സ്വാതന്ത്രരാക്കണമേ. ആത്മാക്കളെ സുഖപ്പെടുത്തുന്നവനും പരിശുദ്ധകന്യകാമറിയത്തിന്റെ ദിവ്യസുതനുമായ ഈശോമിശിഹായുടെ തിരുഹൃദയമേ, ഞങ്ങളുടെ പ്രിയപ്പെട്ട മാതൃഭൂമിയായ ഭാരതത്തിലുള്ള അങ്ങയുടെ സഭ നടത്തുന്ന സമർപ്പണം ദയാപൂർവ്വം സ്വീകരിക്കണമേ. ഞങ്ങളെ ആക്രമിക്കുന്ന സാംക്രമികരോഗത്തിൽ നിന്നു ഞങ്ങളെ സ്വതന്ത്രരാക്കണമേ. പാപത്തിന്റെ പീഡനത്തിൽ നിന്നും വേദനയിൽനിന്നും സഹനത്തിൽനിന്നും മരണമാകുന്ന അന്തിമാവസ്ഥയിൽ നിന്നും എല്ലാ ജനതകളെയും രക്ഷിക്കാനുള്ള രക്ഷാകരസ്നേഹത്തിന്റെ അടയാളമായിരിക്കുന്ന അങ്ങയുടെ തിരുഹൃദയത്തിന് ഞങ്ങൾ ഞങ്ങളെത്തന്നെ സമർപ്പിക്കുന്നു.

ഞങ്ങളുടെ രാജ്യത്തെ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന്, സംരക്ഷണത്തിനായി ഞങ്ങൾ സമർപ്പിക്കുന്നു. ആ വിമലഹൃദയം അങ്ങയുടെ പെസഹാരഹസ്യത്തിനുള്ള പ്രകാശത്തിന്റെ രൂപത്തിലായിരിക്കുന്നതിന്റെ പൂർണമാതൃകയാണല്ലോ. അങ്ങ് ഞങ്ങളുടെ അഭയകേന്ദ്രമായും അങ്ങയുടെ തിരുഹൃദയത്തിലേക്കു നയിക്കുന്ന വഴിയുമായി വെളിപ്പെടുത്തപ്പെട്ടതുമാണല്ലോ. പരിശുദ്ധകന്യകാമറിയം രോഗികളുടെ ആരോഗ്യവും അങ്ങയുടെ ദിവ്യസ്നേഹത്തിന്റേതായ കുരിശിന്റെ ചുവട്ടിൽ ജനിച്ച അങ്ങയുടെ ശിഷ്യരുടെ അഭയസ്ഥാനവുമായിരിക്കണമേ. ഞങ്ങൾ ഞങ്ങളെത്തന്നെ സമർപ്പിക്കുന്ന കന്യകാമറിയത്തിന്റെ വിമലഹൃദയം ആകുലതയുടെ ഈ പ്രത്യേക മണിക്കൂറിൽ ഞങ്ങളോടൊത്തു വസിക്കട്ടെ; മരിച്ചവരെ സ്വീകരിക്കട്ടെ, തങ്ങളെത്തന്നെ

അങ്ങേക്കു സമർപ്പിച്ചവരെ ധൈര്യപ്പെടുത്തട്ടെ; പ്രപഞ്ചത്തെയും മുഴുവൻ മനുഷ്യവംശത്തെയും നവീകരിക്കുകയും ചെയ്യട്ടെ.
നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.
ആമ്മേൻ.

## ത്രികാലജപം

**നേതാ.** സ്വർലോക രാജ്ഞീ ആനന്ദിച്ചാലും, ഹല്ലേലൂയ്യാ.
എന്തെന്നാൽ ഭാഗ്യവതിയായ അങ്ങയുടെ തിരുവുദരത്തിൽ അവതരിച്ചയാൾ, ഹല്ലേലൂയ്യാ.
അരുൾചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു, ഹല്ലേലൂയ്യാ.
ഞങ്ങൾക്കുവേണ്ടി സർവേശ്വരനോടു പ്രാർത്ഥിക്കണമേ, ഹല്ലേലൂയ്യാ.
കന്യകാമറിയമേ, ആമോദിച്ചാനന്ദിച്ചാലും, ഹല്ലേലൂയ്യാ.
എന്തെന്നാൽ കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു, ഹല്ലേലൂയ്യാ.

**നമുക്കു പ്രാർത്ഥിക്കാം**
സർവേശ്വരാ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിക്കാൻ അങ്ങ് തിരുമനസ്സായല്ലോ. അവിടത്തെ മാതാവായ കന്യകാമറിയം മുഖേന ഞങ്ങൾ നിത്യാനന്ദം പ്രാപിക്കാൻ അനുഗ്രഹം നല്കണമേ എന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമേൻ.

## പരസ്പരം സ്തുതി ചൊല്ലുന്നു